**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **09-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ കൃഷി നടത്താതെ തരിശ് നിലമായി കിടക്കുന്ന ഭൂമിയുടെ വിസ്തൃതി, കൃഷിയുടെ ഇനം തിരിച്ച് അറിയിക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിൽ നിലവിൽ കൃഷി നടത്താതെ തരിശ് നിലമായി കിടക്കുന്ന ഭൂമിയുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ഇത്തരം തരിശ് സ്ഥലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയെന്നും ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കാമോ? | (ബി) | വേളം, കുന്നുമ്മൽ, കുറ്റ്യാടി പഞ്ചായത്തുകളിൽ വെള്ളക്കെട്ടാണ് തരിശു കൃഷി ഇറക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നത്. ആയത് പരിഹരിക്കുന്നതിലേക്കായി തോട് നവീകരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവള്ളൂർ പഞ്ചായത്തിൽ മാങ്ങാമൂഴി ബണ്ട് നിർമ്മാണം പൂർത്തീകരിക്കുകയും, തോടുകൾ നവീകരിക്കുകയും ചെയ്യുന്നതോടെ വെള്ളക്കെട്ട് ഒഴിവാക്കി തരിശു കൃഷി ചെയ്യാൻ സാധിക്കും. ആയഞ്ചേരി പഞ്ചായത്തിൽ വെള്ളക്കെട്ട് കാരണം കൃഷിയിറക്കാൻ സാധ്യമല്ല. വില്ല്യാപ്പള്ളി പഞ്ചായത്തിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ വേണ്ടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലം ഒരുക്കി കൊടുക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. മണിയൂർ പഞ്ചായത്തിൽ ഉപ്പുവെള്ളം, വെള്ളക്കെട്ട് എന്നീ കാരണങ്ങളാൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല. ബണ്ടുകൾ നിർമ്മിച്ചും കനാലുകൾ നിർമ്മിച്ചും പുതിയ പമ്പ്സെറ്റ് സ്ഥാപിച്ചും ഉപ്പ് വെള്ളത്തിൽ കൃഷി ചെയ്യാൻ പറ്റിയ നെല്ലിനങ്ങൾ പ്രോത്സാഹിപ്പിച്ചും മണിയൂർ പഞ്ചായത്തിൽ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | കൃഷി ഭവൻ | തരിശായി കിടക്കുന്ന ഭൂമിയുടെ വിസ്തൃതി | കൃഷിയിനം |
|---|---|---|---|
| 1 | വേളം | 30 ഹെക്ടർ | നെൽക്കൃഷി |
| 2 | കുന്നുമ്മൽ | 7 ഹെക്ടർ | നെൽക്കൃഷി |
| 3 | കുറ്റ്യാടി | 20 ഹെക്ടർ | നെൽക്കൃഷി |
| 4 | തിരുവള്ളൂർ | 64 ഹെക്ടർ | നെൽക്കൃഷി |
| 5 | ആയഞ്ചേരി | 100 ഹെക്ടർ | നെൽക്കൃഷി |
| 6 | വില്ല്യാപ്പള്ളി | 30 ഹെക്ടർ | നെൽക്കൃഷി |
| 7 | മണിയൂർ | 80 ഹെക്ടർ | നെൽക്കൃഷി |